പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2097 — 23.03.2012-ൽ മറുപടിയ്ക്ക്

നാദാപുരം മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതികൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. കെ. വിജയൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |

(എ) നാദാപുരം മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(എ) നാദാപുരം മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി 617.08 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കുള്ള അനുമതി 19-01-2011 ന് ബോർഡ് നല്കിയിരുന്നു. എം.എൽ.എ/എം.പി/പഞ്ചായത്ത് ഫണ്ടുകൾ, ആർ. ജി. ജി. വി. വൈ ഫണ്ട്, ബോർഡ് ഫണ്ട് ഇവ ഉപയോഗിച്ച് ഈ പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.

എം.എൽ.എ/എം.പി/പഞ്ചായത്ത് ഫണ്ടുകളിൽ നിന്നും വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന 175 ലക്ഷം രൂപയിൽ 152.16 ലക്ഷം രൂപ ലഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതിൽ ഭൂരിഭാഗം പ്രവൃത്തികളും പൂർത്തിയായിക്കഴിഞ്ഞു. എം. പി. ഫണ്ടിൽ നിന്നും ഉള്ള 3.94 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. ആർ. ജി. ജി. വി. വൈ പ്രകാരമുള്ള പ്രവൃത്തികൾ മണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. ആർ. ജി. ജി. വി. വൈ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്കും വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന ഫണ്ടിൻെറ ബാക്കി തുക ലഭിയ്ക്കുന്ന മുറയ്ക്കും നാദാപുരം മണ്ഡല

| | |
|---|---|
| | ത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) 'രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന' പ്രകാരം മണ്ഡലത്തിൽ ഇതുവരെയായി എത്ര വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട് ; | (ബി) ആർ. ജി. ജി. വി. വൈ പ്രകാരമുള്ള വൈദ്യുതീകരണ പ്രവൃത്തികൾ നടന്നു വരികയാണ്. |
| (സി) അപേക്ഷ സമർപ്പിച്ച എത്ര പേർക്ക് വൈദ്യുതി നൽകാനുണ്ട് ; | (സി) & (ഡി) അപേക്ഷ സമർപ്പിച്ച 925 പേർക്ക് വൈദ്യുതി നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) അർഹതപ്പെട്ടവർക്ക് വൈദ്യുതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ.